ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) റേഷൻ പന്ത്രണ്ട് ഔൺസ് ആണെങ്കിൽ അതിൽനിന്നും ൨൫ ശതമാനം കുറവുചെയ്യണമെന്നാണ് കേന്ദ്രഗവൺമെണ്ടിന്റെ നിർദ്ദേശം. എന്നാൽ ഇവിടെ പത്ത് ഔൺസിൽ കൂടുതൽ കൊടുക്കുന്നില്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന അളവിൽ ഇനിയും കുറവുവരുത്തണമെന്നോ വല്ല നിർദ്ദേശവും കേന്ദ്രഗവൺമെണ്ടിൽനിന്നും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന എട്ട് ഔൺസ് റേഷനിൽനിന്നും അല്പംകൂടി കൂട്ടികൊടുക്കുന്നതിനു ഈ അടുത്തകാലത്തെങ്ങാനും സാദ്ധ്യതയുണ്ടോയെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവർത്തിയില്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഗവൺമെണ്ടിന്റെ കൈവശം ഇപ്പോൾ എത്ര നാളത്തേക്ക് റേഷൻ സ്റ്റാക്ക് ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരാഴ്ചക്കുള്ള സ്റ്റാക്ക് ഇപ്പോൾ ഗവൺമെണ്ടിന്റെ കൈവശമുണ്ട്.

ശ്രീ. പി. കെ. ഡീവർ: അധ്വാനിക്കുന്ന തൊഴിലാളികൾക്ക് റേഷൻ പതിനാറ് ഔൺസ് ആക്കണമെന്നു ഇൻഡ്യാഗവൺമെണ്ടിൽനിന്നും ഒരു തീരുമാനം ചെയ്തിട്ടുള്ളതായി ഗവൺമെണ്ടിനറിവില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. പി. കെ. ഡീവർ: ആ കാര്യം ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കാൻ വല്ല ആലോചനയും ഗവൺമെണ്ടിനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ആലോചനയില്ലെങ്കിലും അതു ആലോചിക്കേണ്ട ഒരു വിഷയമാണ്.

സസ്പെൻഡ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാർ

* ൧൭. (൧൯) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജനുവരി ൧-നുശേഷം ഇതുവരെ എത്ര ഉദ്യോഗസ്ഥന്മാരെ അന്വേഷണത്തിനു വിധേയമായി സസ്പെൻഡ ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) അതിൽ എത്രപേരുടെ മേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും, എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും, ഇനിയും ഇതിൽ എത്രപേരുടെ മേൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അന്വേഷണത്തിനു വിധേയമായി ൩൦ പേരെ സസ്പെൻഡ ചെയ്തിട്ടുണ്ട്.

(ബി) ൨൪ പേരുടെമേൽ ഉള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. ൨൨ പേരെ ശിക്ഷിച്ചിട്ടുണ്ട്. ൬൬ പേരുടെമേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ എ മുഹമ്മദ് മുസ്തഫാ : ഈ അന്വേഷണത്തിന്റെ ഫലമായി എത്ര ഉദ്യോഗസ്ഥന്മാർ നിർദ്ദോഷികളാണെന്നു് തെളിഞ്ഞിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള : ശിക്ഷിക്കപ്പെട്ടവരല്ലാത്തവരെല്ലാം നിർദ്ദോഷികളാണു്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ : അന്വേഷണങ്ങൾ പൂർത്തിയായി, കുറ്റക്കാരൻ എന്നു തെളിഞ്ഞു, എന്നിട്ടും സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മെമ്പറിനു് ആ സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെടുത്താം.

ദേവാലയങ്ങളിൽ നടത്തിയിട്ടുള്ള അക്രമങ്ങൾ

*ക്വ. (ക൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജനുവരി ൧-ാംനു-ക്കുശേഷം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് എത്ര ഹിന്ദു ദേവാലയങ്ങളും ക്രൈസ്തവദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടുള്ളതായും എത്ര വിഗ്രഹങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുള്ളതായും ഗവണ്മെന്റിനു വിവരം ലഭിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) ഈ സംഭവങ്ങൾക്കു് എന്തെങ്കിലും പ്രത്യേക കാരണമുള്ളതായി ഗവണ്മെന്റ് ഗ്രഹിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ഹിന്ദു ദേവാലയങ്ങൾ ൯൬.
(ബി) ക്രിസ്ത്യൻ ദേവാലയങ്ങൾ ൫.
നശിപ്പിച്ചിട്ടുള്ള വിഗ്രഹങ്ങൾ ൧൦.
(ബി) ഇല്ല.

ശ്രീ. പി. എം. വർഗീസ് : ഈ വിധത്തിലുള്ള അക്രമങ്ങൾ നടക്കുന്നതിനുള്ള കാരണങ്ങളെന്താണെന്നു് ഗവണ്മെന്റിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. അതിൽനിന്നും ഗവണ്മെന്റിനു മനസ്സിലാക്കാൻ സാധിച്ചതു് ഒരു പ്രത്യേക സംഘടനയുടേയോ സംഘടനകളുടേയോ മനഃപൂർവ്വമായിട്ടുള്ള പ്രവർത്തനമല്ലെന്നും എന്നാൽ മോഷണത്തിനുവേണ്ടി മാത്രം ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതാണെന്നുമാണു്. ഈ വിധത്തിലുള്ള പതിനാല കേസുകളെപ്പറ്റി അന്വേഷണം നടത്തിയതിൽ അവർ വൈരം കൊള്ളിക്കാരാണെന്നും അവരിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഹിന്ദുക്കളും ഉൾപ്പെട്ടിട്ടുള്ളതായും തെളിഞ്ഞിരിക്കുന്നു. അതല്ലാതെ മറ്റു കാരണങ്ങൾ ഉണ്ടെന്നു് ഗവണ്മെന്റിനു ബോദ്ധ്യമില്ല.

ശ്രീ. പി. എം. വർഗീസ് : അമ്പലങ്ങളും വിഗ്രഹങ്ങളും മറ്റും നശിപ്പിച്ചിട്ടുള്ളതു് ഒരു പ്രത്യേക സമുദായക്കാരാണെന്നു് ഉള്ള പത്രപ്രസ്താവനകൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : പെട്ടിട്ടുണ്ടു്. ചില സമുദായ നേതാക്കന്മാരുടെ പ്രസ്താവനകളാണു് അവ. ഇവ സമുദായങ്ങൾതമ്മിൽ വൈരം വളർത്തുന്നതിനു് പര്യാപ്തമാകുമെന്നു് ഗവണ്മെന്റിനു ബോധ്യപ്പെട്ടിട്ടുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly